DESPATCHED
On...23/11/21... 20/11/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.3165(4)/2014/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.19804/SIC-Gen 2/2014**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. പോൾ ഡേവിഡ്,
തേക്കാനത്ത് പണ്ടാരവളപ്പിൽ ഹൗസ്,
അടയത്ത് ലയിൻ,
എളമക്കര, എറണാകുളം – 682 026. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
മണലൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,
പി.ഒ.കണ്ടശ്ശാംക്കടവ്,
തൃശ്ശൂർ – 680 613.

2. അപ്പീൽ അധികാരി & പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്,
തൃശ്ശൂർ. } എതിർകക്ഷികൾ

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 17.09.2021ൽ താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിയമപരമല്ലാത്ത രീതിയിൽ മറുപടി നൽകിയതിന് നടപടി എടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയത് കമ്മീഷനെ അറിയിക്കണമെന്നും, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ടിയാന് നൽകേണ്ടതാണെന്നും ആയിരുന്നു ഉത്തരവിൽ പറഞ്ഞിരുന്നത്.

2. ഇത് അനുസരിച്ച് ഒന്നാം എതിർകക്ഷി 25.10.2021ൽ കമ്മീഷന് മറുപടി നൽകി. അപ്പീൽ ഹർജിക്കാരന് നേരത്തെ നൽകാതിരുന്ന വിവരങ്ങൾ 22.10.2021ൽ നൽകിയിട്ടുണ്ട് എന്നു മാത്രമാണ് ഒന്നാം എതിർകക്ഷി മറുപടി കത്തിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ നേരത്തെ നിയമപരമല്ലാത്ത രീതിയിൽ മറുപടി നൽകിയതിന് നടപടി എടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതു പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യും, ഒന്നാം അപ്പീൽ അധികാരിയും ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ കമ്മീഷന് വിശദീകരണം നൽകേണ്ടതാണ് എന്ന 17.09.2021ലെ ഉത്തരവിലെ നിർദ്ദേശം ഒന്നാം എതിർകക്ഷി വായിച്ചു നോക്കിയാൽപ്പോലും ടിയാന്റെ മറുപടിയിൽ നിന്ന് മനസ്സിലാകുന്നില്ല. ഇതു അങ്ങേയറ്റം നിരുത്തരവാദപരവും കുറ്റകരവുമായ നടപടിയാണ്. നിലവിലെ എസ്.പി.ഐ.ഒ.യായ ഒന്നാം എതിർകക്ഷി കമ്മീഷന്റെ ഉത്തരവ് ശ്രദ്ധാപൂർവ്വം വായിച്ച് നോക്കുക പോലും ചെയ്യാതെയാണ് മറുപടി നൽകിയത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു.

3. അതുകൊണ്ട്, പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കും, ഒന്നാം അപ്പീൽ അധികാരിക്കുമെതിരെ മാത്രമല്ല, വേണ്ടത്ര ശ്രദ്ധിക്കാതെ കമ്മീഷന് മറുപടി നൽകിയ നിലവിലെ എസ്.പി.ഐ.ഒ. ശ്രീമതി. അനിത എ.സി.യേയും വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ശിക്ഷിക്കാൻ കമ്മീഷൻ തീരുമാനിക്കുന്നു. ശിക്ഷ ഏർപ്പെടുത്താതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതു സമർപ്പിക്കാൻ ടി കക്ഷികൾക്ക് കമ്മീഷൻ ഒരവസരം കൂടി നൽകുന്നതാണ്. ഉത്തരവ് കൈപ്പറ്റി മടക്ക തപാലിൽ തന്നെ ഇതിനുള്ള വിശദീകരണം നിലവിലെ എസ്.പി.ഐ.ഒ. മാത്രമല്ല പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യും, ഒന്നാം അപ്പീൽ അധികാരിക്കും ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കി കമ്മീഷന് വിശദീകരണം നൽകേണ്ട ചുമതല നിലവിലെ എസ്.പി.ഐ.ഒ.യ്ക്കായിരിക്കും.

4. ടി കക്ഷികളുടെ 3 പേരുടെയും വിശദീകരണം മടക്ക തപാലിൽ തന്നെ കമ്മീഷന് ലഭ്യമാക്കാത്ത പക്ഷം, ടി കക്ഷികൾക്ക് കൂടുതലായൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

5. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 20.11.2021ന് കമ്മീഷൻ താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

gk.